# പതിനാലാം കേരള നിയമസഭ
# (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2324** **06/10/2016-ൽ മറുപടിയ്ക്ക്**

മാതൃകാ മത്സ്യഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് : | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യത്തൊഴിലാളി മേഖലയിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 'മാതൃകാ മത്സ്യഗ്രാമം' പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | എ) മത്സ്യത്തൊഴിലാളി മേഖലയിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് മാതൃകാ മത്സ്യഗ്രാമം എന്ന പേരിൽ പദ്ധതി 2016-17 വർഷം നടപ്പാക്കുന്നില്ല. എന്നാൽ ഈ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളിലുണ്ടായിട്ടുള്ള കുറവ് പരിഹരിക്കുന്നതിനായി കുടിവെള്ള പദ്ധതി, ആരോഗ്യ കേന്ദ്രങ്ങളുടെ നവീകരണ പദ്ധതി, സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി, അംഗനവാടികളുടെ നിർമ്മാണം, ആശുപത്രി നിർമ്മാണം, തീരദേശ റോഡുകൾ, ലൈബ്രറികൾ തുടങ്ങിയ പദ്ധതികൾ മത്സ്യത്തൊഴിലാളി മേഖലയിൽ നടപ്പാക്കുന്നുണ്ട്. |

സെക്ഷൻ ആഫീസർ